പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം.

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3492 | 15.07.2015- ൽ മറുപടി നല്കേണ്ടത്. |

**കുടിവെള്ള വിതരണത്തിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിബന്ധനകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.അച്ചുതൻ**<br>**" ഹൈബി ഈഡൻ**<br>**"ആർ . സെൽവരാജ്**<br>**"ലൂഡി ലൂയിസ്** | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിന് ഭക്ഷ്യസുരക്ഷാ വകുപ്പ് എന്തെല്ലാം നിബന്ധനകളാണ് പുറപ്പെടുവിച്ചിട്ടുള്ളത് ; | എ) | 11.03.2015 ലെ എ / 1266/2015 സി എഫ്.എസ് എന്ന ഉത്തരവ് പ്രകാരം കുടിവെള്ളവിതരണക്കാരും ഉപഭോക്താക്കളും പാലിക്കേണ്ട കർശന നിബന്ധനകൾ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) | സംസ്ഥാനത്ത് അനധികൃതമായി നടത്തുന്ന കുടിവെള്ള വിതരണം തടയാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; | ബി) | ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ അത്തരം നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാറുണ്ട്. കർശനപരിശോധനയെ തുടർന്ന് അനധികൃത കുടിവെള്ള വിതരണം സംബന്ധിച്ച പരാതി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |
| സി) | കുടിവെള്ള വിതരണം നടത്തുന്ന ആൾക്കും ഇതിനുപയോഗിക്കുന്ന വാഹനങ്ങൾക്കും രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കുവാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിബന്ധനകളിലുള്ളത് ; | സി) | നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഇവകർശനമായി നടപ്പാക്കുന്നുണ്ടോ എന്നറിയാൻ ഭരണതലത്തിൽ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ? | ഡി) | ടി ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലെയും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിമാർക്കും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള ഫുഡ്സേഫ്റ്റി ഇന്റലിജൻസ് സ്ക്വാഡിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

## സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നടപടിക്രമങ്ങൾ

## ഹാജർ: ശ്രീമതി.അനുപമ.ടി.വി IAS

**വിഷയം:**സി.എഫ്.എസ്- ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ആക്ട് 2006, 30(2)(d) വകുപ്പ് പ്രകാരവും ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 വകുപ്പ് 2.1, അനക്ഷർ (II)16, അനക്ഷർ (III)(1) എന്നിവ പ്രകാരവും കുടിവെള്ളം വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന നിബന്ധനകൾ

## ഉത്തരവ് നമ്പർ:എ-1266/2015/സി.എഫ്.എസ് തിയതി.11/03/2015

ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ആക്ട് 2006ലെ സെക്ഷൻ 3(j)പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നു. എന്നാൽ സംസ്ഥാനത്ത് ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിലും ഉപയോഗയോഗ്യമല്ലാത്ത വെള്ളം വിതരണം ചെയ്യുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം ഭക്ഷ്യ വിഷബാധയും ജലജന്യരോഗങ്ങളും (water borne diseases) ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. അതിനാൽ കുടിവെള്ളം വിതരണം ചെയ്യുന്നവരും കുടിവെള്ളത്തിന്റെ ഉപഭോക്താക്കളും താഴെ പറയുന്ന നിബന്ധനകൾ കർശ്ശനമായി പാലിക്കണമെന്ന് ഇതിനാൽ ഉത്തരവാകുന്നു.

## കുടിവെള്ള വിതരണക്കാർ പാലിക്കേണ്ട നിബന്ധനകൾ

1. ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ)റെഗുലേഷൻ 2011 പ്രകാരം FBO ലൈസൻസുകൾ

എടുത്തിരിക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവെള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളു.

2. കുടിവെള്ളം വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ എല്ലാ വാഹനങ്ങളുടെയും രജിസ്ട്രേഷൻ നമ്പരുകൾ ലൈസൻസിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. സ്വന്തമായി വാഹനം ഇല്ലാത്തവരും വാടക വാഹനങ്ങൾക്ക് ലൈസൻസ് എടുത്തിരിക്കണം.

3. കുടിവെള്ളംവിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും **'Drinking Water/ കുടിവെള്ളം'** എന്ന് വ്യക്തമായി എഴുതി പ്രദർശിപ്പിച്ചിരിക്കണം. മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളമാണെങ്കിൽ **'Not for drinking purpose/ നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള വെള്ളം'** എന്ന് വ്യക്തമായി എഴുതിയിരിക്കണം. ഇങ്ങനെ എഴുതാതെ കൊണ്ടു പോകുന്ന വെള്ളം കുടിവെള്ളമായി പരിഗണിച്ച് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

4. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും ഭക്ഷ്യസുരക്ഷാ ലൈസൻസ് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം

5. കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിൻ കോട്ടിംഗോ മറ്റ് അനുവദനീയ കോട്ടിംഗോ ഉള്ളവയായിരിക്കണം. ടി കോട്ടിംഗ് നടത്താതെ കുടിവെള്ളം വിതരണം ചെയ്യുന്നത് നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.

6. വാട്ടർ അതോറിറ്റി ഒഴികെയുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് ഉണ്ടായിരിക്കണം. ഇത്തരം ലൈസൻസുള്ള കുടിവെള്ള സ്രോതസ്സിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവൂ. കുടിവെള്ള സ്രോതസ്സുകളിലെ ജലം 6 മാസത്തിലൊരിക്കൽ സർക്കാർ ലാബുകളിലോ NABL അക്രഡിറ്റഡ് ലാബുകളിലോ പരിശോധിച്ച് ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കണം.

7. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും വാഹനങ്ങളിൽ ഘടിപ്പിച്ച ടാങ്കറുകളിലും ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ലൈസൻസ്, കുടിവെള്ളം പരിശോധിച്ച അംഗീകൃത ലാബ് റിപ്പോർട്ട്, കുടിവെള്ള ടാങ്കറിൻെറ ശേഷി, കോട്ടിംഗ് എന്നിവയുടെ തെളിവ് അടങ്ങിയ രേഖകൾ ഉണ്ടായിരിക്കണം. ടി രേഖകൾ ഇല്ലാതെ കുടിവെള്ളം വിതരണം നടത്തിയാൽ ടി വാഹനം പിടിച്ചെടുക്കുന്നതും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## ടാങ്കർ കുടിവെള്ള ഉപഭോക്താക്കൾ പാലിക്കേണ്ട നിബന്ധനകൾ

1. കുടിവെള്ളം പുറമെ നിന്നും വാങ്ങുന്നവർ ഭക്ഷ്യ സുരക്ഷാ ലൈസൻസുള്ള വിതരണക്കാരിൽ നിന്നു മാത്രമേ വാങ്ങി ഉപയോഗിക്കുവാൻ പാടുള്ളു.

2. ഹോട്ടലുകൾ, റെസ്റ്റാറൻറുകൾ, ആശുപത്രികൾ കുടിവെള്ളം ആവശ്യമുള്ള മറ്റ് സംരംഭകർ കുടിവെള്ളം വിതരണം ചെയ്യുന്നവരുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ടി രജിസ്റ്ററിൽ കുടിവെള്ള സ്രോതസ്സ്, പരിശോധന റിപ്പോർട്ടിൻെറ പകർപ്പ്, വാങ്ങുന്ന വെള്ളത്തിൻെറ കൃത്യമായ അളവ്(ലിറ്ററിൽ), വിതരണക്കാരൻെറ ലൈസൻസിൻെറ വിവരങ്ങൾ, വിതരണത്തെ സംബന്ധിച്ച കരാറിൻെറ പകർപ്പ് എന്നിവ സൂക്ഷിച്ചിരിക്കണം. ഇത്തരം രജിസ്റ്ററുകൾ സൂക്ഷിക്കാ തിരുന്നൽ ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വ്യക്തത ആവശ്യമുള്ള അവസരങ്ങളിൽ ഫുഡ് സേഫ്റ്റി ടോൾ ഫ്രീ നമ്പർ 1800 425 1125 ൻെറ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

**(ഭക്ഷ്യസുരക്ഷാ കമ്മീഷണർ)**

പകർപ്പ്:

1. ചീഫ് സെക്രട്ടറി, ഗവൺമെൻറ് സെക്രട്ടറിയറ്റ് -ആമുഖ കത്ത് സഹിതം.
2. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി -ആമുഖ കത്ത് സഹിതം.
3. ജലവിഭവ വകുപ്പ് സെക്രട്ടറി -ആമുഖ കത്ത് സഹിതം.